34368

**D 94060** **(Pages : 2 + 4 = 6)** **Name..................................**

**Reg. No...............................**

## FIRST SEMESTER (CBCSS) DEGREE EXAMINATION, NOVEMBER 2020

Malayalam (B.Com./B.B.A.)

MAL 1A 07 (2)—MALAYALA SAHITHYA PADANAM – I

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

1. നൂറുസിംഹാസനങ്ങളിൽ ധർമ്മപാലൻ കഴുതച്ചന്തയ്ക്കടുത്തുള്ള പഴയ ആശുപത്രിയിൽ കണ്ട ദൃശ്യമെന്ത് ?
2. "നാം അതിനെപ്പറ്റി 363 നാളും മറയ്ക്കുകയും രണ്ട് നാളുകൾ മാത്രം ഓർമ്മിക്കുകയും ചെയ്യുന്നു" —വിവക്ഷിതമെന്ത് ?
3. "എങ്കിൽ ഒരു പായ്ക്കപ്പലും ഒരു കപ്പിത്താനും ഉടൻ നിങ്ങൾക്ക് ലഭിക്കും"—എപ്പോൾ ? സന്ദർഭമെന്ത് ?
4. എന്നെ എല്ലാവരും 'തോട്ടി ഡോക്ടർ' എന്നാണ് വിളിക്കുന്നത്. മാണിക്യം ഇങ്ങനെ പറയാനുണ്ടായിരുന്ന സാഹചര്യം എന്ത് ?
5. ഭാഗമണ്ഡലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?
6. 'എന്റെ ശ്രീപത്മനാഭൻ തന്നെയാണ് അദ്ദേഹത്തിന്റെ ശ്രീരംഗനാഥൻ'—ആര് ആരെക്കുറിച്ചാണ് പറയുന്നത് ?
7. രാജാവ് ഉമാപതിയെ വായിച്ചു കേൾപ്പിച്ച വിധിന്യായം എന്ത് ?
8. 'ഗുരുദേവന്റേതായി വിശ്വവിശ്രുതങ്ങളായ രണ്ട് പ്രഖ്യാപനങ്ങളുണ്ടല്ലോ '—ഏതൊക്കെയാണവ ?
9. 'ആ ചോദ്യങ്ങളേക്കാളെല്ലാം ഉന്മേഷം നല്കുന്നതായിരുന്നു രാമൻനായരുടെ മനസ്സിലുദിച്ച ചോദ്യം'— എന്താണ് മനസ്സിലുദിച്ച ചോദ്യം ?
10. 'ഒറ്റയ്ക്ക് വിരിയുന്ന പൂക്കളാണ് പലപ്പോഴും നമ്മളൊക്കെ'—സൂചിപ്പിക്കുന്നതെന്ത് ?
11. അയിന്മനകളുടെ പ്രത്യേകതകളെന്ത് ?
12. നിരൂപണ സാഹിത്യത്തെ ഇന്ന് മരിക്കാതെ നിർത്തുന്ന ശക്തിയായി എം.എൻ. വിജയൻ കാണുന്നതെന്ത് ?
13. 'കുട്ടിയായിരുന്നപ്പോൾ ഞാൻ വായിച്ച ഒരു നോവലിലെ കഥാപാത്രമായിരുന്നു അത് '—ഏത് ?

**Turn over**

34368

14. 'ഇതാ വന്നിരിക്കുന്നു. പെൺ പിറന്നോര്. ആ ശബ്ദത്തിന്റെ വ്യാഖ്യാനമാവശ്യപ്പെട്ടു കൊണ്ട് 'ഏത് ശബ്ദത്തിന്റെ ?

15. 'സില്ലി സെന്റിമെൻസും പറഞ്ഞ് അവന്റെ ജീവിതം പാഴാക്കരുത് '—ആരുടെ വാക്കുകൾ ? കാരണമെന്ത് ?

(10 × 3 = 30 marks)

**Section B**

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16. നൂറ് സിംഹാസനങ്ങൾ എന്ന നോവലിലെ 'അമ്മയെ' പരിചയപ്പെടുത്തുക.

17. ആത്മപ്രതീതമായ സൗന്ദര്യത്തെക്കുറിച്ച് വിവരിക്കുക.

18. 'ചോറിന്റെ കൂറ് പത്തി വിടർത്തി വിഷം ചീറ്റി'—വ്യാഖ്യാനിക്കുക.

19. ഇരയിമ്മൻതമ്പിയെക്കുറിച്ച് ഗുപ്തൻ നായർ വിവരിക്കുന്നതെങ്ങനെ ?

20. സൂഫി ശഹീദിന്റെ ഖബറിടത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

21. 'കഴിയുമായിരുന്നെങ്കിൽ ഇതിനകം അവ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിലെ നേതാക്കന്മാരാകുമായിരുന്നില്ലേ—വിശദമാക്കുക.

22. 'ഇവിടെ ശിശിരം പോയില്ലെന്ന് മാത്രമല്ല. പുതിയ പുഷ്പകാലം ആരംഭിക്കുകയും ഉണ്ടായില്ല ' —പ്രസ്താവനയുടെ പൊരുളെന്ത് ?

23. "വസന്തം മാത്രമുള്ള ആ നാട്ടിൽ പിന്നീട് നമുക്കൊരുമിച്ച് കഴിയാം" ആരാണിങ്ങനെ പറഞ്ഞത് ? എപ്പോൾ ?

(5 × 6 = 30 marks)

**Section C**

*Answer any* **two** *questions.*
*Each question carries* 10 *marks.*

മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ദളിതർക്കനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങൾ 'നൂറുസിംഹാസനങ്ങൾ' എന്ന നോവലിനെ ആസ്പദമാക്കി വിശകലനം ചെയ്യുക.

25. മലയാള നിരൂപണത്തെക്കുറിച്ചുള്ള എം. എൻ. വിജയന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

26. 'രാജാക്കന്മാരുടെ ക്രൂരതകൾ കൊണ്ട് പൊറുതി മുട്ടേണ്ടി വന്ന മറ്റൊരു ജനത കുടകരെപ്പോലെ ഉണ്ടാവില്ല ' വിശദമാക്കുക.

27. 'അയൽരാജാവ് എന്ന കഥ ശക്തമായ രാഷ്ട്രീയ ഇടപെടലാണ് നടത്തുന്നത്. ഈ പ്രസ്താവന ശരിയാണോ ? പരിശോധിക്കുക.

(2 × 10 = 20 marks)



107070

34368

**D 94060** **(Pages : 4)** **Name.......................................**

**Reg. No...................................**

**FIRST SEMESTER (CBCSS) DEGREE EXAMINATION, NOVEMBER 2020**

Malayalam (B.Com./B.B.A.)

MAL 1A 07 (2)—MALAYALA SAHITHYA PADANAM – I

(2019 Admissions)

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

34368

MAL 1A 07 (2)—MALAYALA SAHITHYA PADANAM – I

(Multiple Choice Questions for SDE Candidates)

1. 'സൗന്ദര്യനിരീക്ഷണം' ആരുടെ കൃതി ?

   (A) കുട്ടികൃഷ്ണമാരാർ. (B) സി.ജെ. തോമസ്.

   (C) എം.പി. പോൾ. (D) സുകുമാർ അഴീക്കോട്.

2. സൗന്ദര്യത്തിന്റെ ഉപാധികൾ മനസ്സാകുന്ന അഭ്യന്തര ലോകത്തിൽ അന്വേഷിച്ചാൽ പല വിഷമതകളും നേരിടേണ്ടി വരും എന്നു പറഞ്ഞ ചിന്തകൻ :

   (A) അരിസ്റ്റോട്ടിൽ. (B) പ്ലാറ്റോ.

   (C) ജോഡ്. (D) ബർണാഡ്ഷാ.

3. കവികൾക്കും നിരൂപകർക്കും കലാശാലകളിലും അക്കാദമികളിലും പത്രസ്ഥാപനങ്ങളിലും എന്തിനുള്ള സ്വാതന്ത്ര്യമുണ്ടെന്നാണ് എം.എൻ. വിജയൻ പറയുന്നത് ?

   (A) ബന്ധനസ്ഥനാവാനുള്ള. (B) സ്വതന്ത്രനാവാനുള്ള.

   (C) സമ്മാനിതനാവാനുള്ള. (D) പുരസ്കാരം നേടാനുള്ള.

4. അംഗീകൃതമായതിനെ മാത്രം ബഹുമാനിക്കുന്ന സ്ഥാപനങ്ങൾക്ക് എന്തിനു സാധിക്കില്ലെന്നാണ് ലേഖകന്റെ അഭിപ്രായം :

   (A) സജീവ സാഹിത്യം പഠനവിഷയമാക്കാൻ.

   (B) സമൂഹപ്രശ്നങ്ങളെ പഠനവിഷയമാക്കാൻ.

   (C) രാഷ്ട്രീയപ്രശ്നങ്ങളെ പഠനവിഷയമാക്കാൻ.

   (D) പരിസ്ഥിതിപ്രശ്നങ്ങളെ പഠനവിഷയമാക്കാൻ.

5. ഇക്കാലത്ത് എഴുത്തുകാരന്റെ വലിയ സ്വപ്നം എന്താണ് എന്നാണ് എം.എൻ. വിജയന്റെ അഭിപ്രായം :

   (A) പഠനം.

   (B) പ്രശസ്തി.

   (C) ബഹുമതികൾ.

   (D) പ്രശസ്തിപത്രത്തിലെ ചരുരശ്രുശാദിയായ വാക്യങ്ങൾ.

6. സാഹിത്യലോകത്ത് എഴുത്തുകാരൻ അടിമയായി മാറുന്നതിനു കാരണമെന്താണെന്നാണ് എം.എൻ. വിജയൻ പറയുന്നത് ?

   (A) പ്രശസ്തി. (B) പണം.

   (C) അവാർഡുകൾ. (D) അവാർഡു കമ്മറ്റികൾ.



10707070

7. അനുയായികൾക്കു മുന്നിൽ കയ്യില്ലാത്തവരെപ്പോലെ ഗോഷ്ഠി കാണിക്കുന്നതാര് ?

(A) രാഷ്ട്രീയ നേതാക്കൾ.
(B) മതനേതാക്കൾ.
(C) വിദ്യാർത്ഥി നേതാക്കൾ.
(D) തൊഴിലാളി നേതാക്കൾ.

8. ———————— ൽ എത്തിയവർക്കു മാത്രമേ മതഭേദചിന്തയിൽ നിന്ന് രക്ഷയുള്ളൂ.

(A) ആത്മപീഡാവസ്ഥയിൽ.
(B) ദുരവസ്ഥയിൽ.
(C) ബോധോദയാവസ്ഥയിൽ.
(D) അദ്വൈതാവസ്ഥയിൽ.

9. ഓരോ മതത്തിന്റേയും അടിയിൽ നിഗൂഢമായിക്കിടക്കുന്ന യഥാർത്ഥ മതത്തെ പുറത്തു കൊണ്ടു വരണമെങ്കിൽ ആര് ഉദ്യമിക്കേണ്ട ദാരുണമായ കാലമാണിത് ?

(A) മതനേതാക്കൾ.
(B) വിവേകികളായ ചിന്തകൾ.
(C) മതപ്രബോധകർ.
(D) വിവേകികളായ പ്രവാചകർ.

10. ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടിയാണ് ചെറുകഥയെന്ന് അഭിപ്രായപ്പെട്ടത് :

(A) ഷെല്ലി.
(B) സോമർസെറ്റ് മോം.
(C) ജോൺസൺ.
(D) റിച്ചാർഡ്സൺ.

11. ആധുനിക ചെറുകഥ എന്തുമായി അടുത്തു നിൽക്കുന്നു ?

(A) ആധുനിക ഗദ്യവുമായി.
(B) നോവലൈറ്റുമായി.
(C) നോവലുമായി.
(D) ജേണലിസവുമായി.

12. 1976-ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ എം. സുകുമാരന്റെഗ്രന്ഥം ഏത് ?

(A) മരണം ദുർബലം.
(B) മരിച്ചവരുടെ താഴ്വര.
(C) മരണശില്പി.
(D) മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ.

13. ഉമാപതി എന്തിന് തന്നെ തോൽപ്പിക്കാനാവില്ല എന്നാണ് പ്രഖ്യാപിച്ചത് ?

(A) മരണത്തിന്.
(B) രാജാവിന്.
(C) മന്ത്രിക്ക്.
(D) സൈന്യാധിപന്.

Turn over

14. വനവേടന് ഉമാപതിയും കുടുംബവും എന്താണ് സമ്മാനിച്ചത് ?

(A) ആയുധങ്ങൾ. (B) വേട്ടയാടിയ മൃഗത്തിന്റെ ഇറച്ചി.

(C) തേൻ. (D) കാട്ടുപഴങ്ങൾ.

15. ഏറെ ദൂരം സഞ്ചരിച്ചതിനു ശേഷം മകനെയും മകളെയും നഷ്ടപ്പെട്ടപ്പോൾ ഉമാപതിയുടെ ഭാര്യ ചോദിച്ചതെന്തായിരുന്നു ?

(A) നമ്മുടെ സ്വപ്നം നഷ്ടപ്പെട്ടോ. (B) നമ്മുടെ ഹൃദയം നഷ്ടപ്പെട്ടോ.

(C) നമ്മുടെ അഭിമാനം നഷ്ടപ്പെട്ടോ. (D) നമ്മുടെ സമ്പത്ത് നഷ്ടപ്പെട്ടോ.

16. ഉമാപതി എവിടേക്കാണ് പായ്ക്കപ്പലിൽ യാത്ര ചെയ്തത് ?

(A) മക്കളുടെ അടുത്തേക്ക്. (B) അയൽരാജാവിന്റെ ദരിദ്രരാഷ്ട്രത്തിലേക്ക്.

(C) ഭാര്യയുടെ അടുത്തേക്ക്. (D) അയൽരാജാവിന്റെ ക്ഷേമരാഷ്ട്രത്തിലേക്ക്.

17. മാനസിയുടെ കഥകളെ അവലംബമാക്കി പുറത്തിറങ്ങിയ സിനിമ ഏതാണ് ?

(A) പുനരധിവാസം. (B) വേനൽക്കാലം.

(C) മംഗലം വീട്ടിൽ മാനസേശ്വരി ഗുപ്ത. (D) ചില്ല്.

18. ജയമോഹന്റെ ആദ്യ നോവൽ ഏതാണ് ?

(A) ആരോഗ്യ നികേതനം. (B) നൂറുസിംഹാസനങ്ങൾ.

(C) ഏഴു ചുവട്. (D) റബർ.

19. കൊലപാതകകേസ്സിലായാലും ഒരു നായാടിയെ എങ്ങനെ കാണണമെന്നാണ് ധർമ്മപാലൻ പറഞ്ഞത് :

(A) അപരാധിയായി. (B) നിരപരാധിയായി.

(C) കുറ്റവാളിയായി. (D) ക്രിമിനലായി.

20. ശ്രീനാരായണഗുരുവിന്റെ ഏതു ശിഷ്യനാണ് ധർമ്മപാലനെ പഠിപ്പിച്ചത് ?

(A) കെ.സി. കറുപ്പൻ. (B) പൽപ്പു.

(C) കുമാരനാശാൻ. (D) പ്രജാനന്ദൻ.



1070 1070